## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 7278 11.07.2014 - ൽ മറുപടിക്ക്**

# തിരുവല്ല ബൈപാസിന്റെ നിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. മാത്യു റ്റി. തോമസ്** | | **ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി)** | |
| (എ) | തിരുവല്ല ബൈപ്പാസ് നിർമ്മാണം തടഞ്ഞുകൊണ്ടുള്ള ഹരിത ട്രൈബ്യൂണലിന്റെ ഉത്തരവ് എന്നാണ് ഉണ്ടായത് ; | (എ) | 24.02.2014 - ൽ ആണ് ചെന്നൈ ഗ്രീൻ ട്രൈബ്യൂണലിന്റെ ഉത്തരവ് ഉണ്ടായത് |
| (ബി) | കെ. എസ്. റ്റി. പി. കൗണ്ടർ അഫിഡവിറ്റ് ഫയൽ ചെയ്തത് എന്നാണ് ; | (ബി) | 18.10.2013, 28.01.2014, 07.07.2014 എന്നീ തീയതികളിൽ കൗണ്ടർ അഫിഡവിറ്റ് ഫയൽ ചെയ്തിട്ടുണ്ട്. |
| (സി) | കൗണ്ടർ അഫിഡവിറ്റ് സമർപ്പിക്കുവാൻ ഉണ്ടായ കാല താമസത്തിന്റെ കാരണം എന്തെന്ന് വിശദമാക്കാമോ ; | (സി) & (ഡി) | 13.01.1978 - ലെ ആരോഗ്യ വകുപ്പിന്റെ ഉത്തരവ് നമ്പർ 13/78/H.D പാലിച്ചിട്ടില്ലെന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ ട്രൈബ്യൂണൽ പുറപ്പെടുവിച്ച സ്റ്റാറ്റസ്കോ ഉത്തരവ് റദ്ദാക്കി കിട്ടുന്നതിന് പരിസ്ഥിതി വകുപ്പിനെയും, നിയമ വകുപ്പിനെയും സമീപിച്ചതിന്റെ ഫലമായി 21.05.2014 - ലെ പരിസ്ഥിതി |
| (ഡി) | കോടതി ഉത്തരവ് മാറ്റിക്കിട്ടുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ? | | |

വകുപ്പിന്റെ സ. ഉ (പി) നമ്പർ 6/14/പരിസ്ഥിതി ഉത്തരവ് പ്രകാരം 1978 - ലെ ഉത്തരവ് റദ്ദു ചെയ്യുകയുണ്ടായി. ഇക്കാര്യം അഡീഷണൽ കൗണ്ടർ അഫിഡ-വിറ്റ് ആയി തയ്യാറാക്കി ജൂൺ 30 - ന് സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ അയച്ചു കൊടുത്തിട്ടുണ്ട്. ജൂൺ മാസം 1 മുതൽ 30 വരെ ട്രൈബ്യൂണലിന് അവധിയായി-രുന്നു. 06.08.2014 - ന് അവധിക്കു-വെച്ചിരുന്ന ഈ കേസ് നേരത്തേ തന്നെ പരിഗണിക്കുന്നതിന് പ്രത്യേകമായി ഒരു അഭ്യർത്ഥന ട്രൈബ്യൂണലിൽ ഫയൽ ചെയ്തി-ട്ടുണ്ട്. ഈ കേസിലെ ഒന്നാം കക്ഷിയായ ഡയറക്ടർ, മിനിസ്ട്രി ഓഫ് എൻവയൺമെന്റ് ആന്റ് ഫോറസ്റ്റ്, കൗണ്ടർ അഫിഡവിറ്റ് ഫയൽ ചെയ്തിട്ടില്ല എന്ന് അറിഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് 07.06.2014 - ലെയും 27.06.2014 - ലെയും കത്തുകൾ മുഖേന അഭ്യർത്ഥി - ച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ